126 (528) ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് തസ്തിക

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് തസ്തിക ഒഴിവായിട്ട് എത്ര മാസമായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവ് നികത്താതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) സർവകലാശാല സിൻഡിക്കേറ്റിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഈ ഒഴിവുകളിൽ ആദ്യത്തെ ഒഴിവുണ്ടായത് എന്ന്;

(ഇ) പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസിന്റെയും, സിൻഡിക്കേറ്റ് അംഗങ്ങളുടെയും ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്താൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്കൃത സർവകലാശാലയിലെ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസിന്റെ തസ്തിക മൂന്നരമാസമായി ഒഴിഞ്ഞുകിടക്കുകയാണെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(ബി) സർവകലാശാല ആക്ട് അനുസരിച്ചുള്ള നടപടികൾ എടുത്തു വരുന്നു.

(സി) പത്ത് ഒഴിവുകൾ നിലവിലുണ്ടെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ചെയ്യുന്നു.

(ഡി) 19.11.96 ലാണ് ആദ്യത്തെ ഒഴിവുണ്ടായത്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

127 (531) 1998-ലെ എം.ബി.ബി.എസ് പ്രവേശനം

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലെ എം.ബി.ബി.എസ് പ്രവേശനത്തിന് അർഹത നേടിയ സംവരണ സമുദായത്തിൽപ്പെട്ട എം.ആർ. പ്രശാന്ത് (തിരുവനന്തപുരം) മുനവർ റഹ്മാൻ, മുഹമ്മദ് ബഷീർ, ഷമീർ അഹമ്മദ് (കോഴിക്കോട്) എസ്. നവീൻ (പെരിന്തൽമണ്ണ) എന്നീ വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കണമെന്ന് നിർദ്ദേശിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ആ വിധിക്കെതിരായി സർക്കാർ സുപ്രീംകോടതിയിൽ കൊടുത്ത അപ്പീൽ തള്ളിയിട്ടും എൻട്രൻസ് കമ്മീഷണർ വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഹൈക്കോടതി ഉത്തരവനുസരിച്ച് റാങ്ക്ലിസ്റ്റ് പുനഃക്രമീകരിച്ചപ്പോൾ നേരത്തേ ലിസ്റ്റിൽ ഉൾപ്പെട്ടവരും പുറത്തുപോയവരുമായി പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly